## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :664** **29.11. 2018 ൽ മറുപടിക്ക്**

# വൈദ്യുതി നിരക്ക് വർദ്ധന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) നടപ്പ് സാമ്പത്തിക വർഷവും 2020-21 ലും വൈദ്യുതി നിരക്ക് കൂട്ടണമെന്നാവശ്യപ്പെട്ട് വൈദ്യുതി ബോർഡ് വൈദ്യുതി റഗുലേറ്ററി കമ്മീഷന് കത്ത് നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് റഗുലേഷൻ, 2018 പ്രകാരം, 2018-19 മുതൽ നാല് വർഷത്തേയ്ക്ക് മതിപ്പ് വരവുചെലവുകൾ അനുവദിക്കുന്നതിനും താരിഫ് പുതുക്കുന്നതിനും ഉള്ള അപേക്ഷ വൈദ്യുതി ബോർഡ് 31-10-2018-ന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഈ വർഷം ഗാർഹിക ഉപഭോക്താക്കൾക്ക് യൂണിറ്റിന് എത്ര പൈസയുടെ വർദ്ധനവ് വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; | (ബി) പ്രസ്തുത അപേക്ഷയിൽ ഗാർഹിക ഉപഭോക്താക്കൾക്ക് ഉള്ള താരിഫ് താഴെ പറയും പ്രകാരം പുതുക്കണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്. |

| എനർജി ചാർജ് | | | | |
| --- | --- | --- | --- | --- |
| പ്രതിമാസ ഉപഭോഗം (യൂണിറ്റ്) | നിലവിലെ നിരക്ക് (രൂപ) | പുതിയ നിരക്ക് (രൂപ) | വർദ്ധനവ് (പൈസ) | കുറിപ്പ് |
| 0 – 40 | 1.50 | 1.50 | ഇല്ല | ടെലസ്കോപ്പിക് |
| 0 – 50 | 2.90 | 3.50 | 60 | " |
| 51 – 100 | 3.40 | 4.20 | 80 | " |
| 101 – 150 | 4.50 | 5.20 | 70 | " |
| 151 – 200 | 6.10 | 5.80 | -30 | " |
| 201 – 250 | 7.30 | 6.50 | -80 | " |
| 251 – 300 | 5.50 | 5.95 | 45 | നോൺ-ടെലസ്കോപ്പിക് |
| 0 – 300 | 6.20 | 6.30 | 10 | " |
| 0 – 400 | 6.50 | 6.45 | -5 | " |
| 0 – 500 | 6.70 | 6.65 | -5 | " |
| > 500 | 7.50 | 6.90 | -60 | " |

| ഫിക്സഡ് ചാർജ്ജ്. | | | | |
|---|---|---|---|---|
| 0 – 150 | 35* | 50* | 15 | സിംഗിൾ ഫേസ് |
| 150-നു മുകളിൽ | 75 | 100 | 25 | സിംഗിൾ ഫേസ് |
| 0 – 150 | 90 | 120 | 30 | ത്രീ ഫേസ് |
| 150-നു മുകളിൽ | 130 | 160 | 30 | ത്രീ ഫേസ് |
| *പ്രതിമാസ നിരക്ക് | | | | |

| | |
|---|---|
| (സി) ഈ വർഷം വ്യവസായ മേഖലയിലെ ഡിമാന്റ് ചാർജ് ഒരു കെ.വി.എ ലോഡിന് 300 രൂപയിൽ നിന്ന് 600 രൂപയാക്കാൻ തീരുമാനമുണ്ടോ; | (സി) ഉണ്ട്. ലോ-ടെൻഷൻ വ്യാവസായിക ഉപഭോക്താക്കൾക്ക് പ്രതിമാസ ഡിമാന്റ് ചാർജ്ജ് 300 രൂപയിൽ നിന്ന് 600 രൂപയാക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ, താരിഫ് ഘടന ലഘൂകരിക്കുന്നതിനും ഏകീകരിക്കുന്നതിനും നിയോഗിച്ച രണ്ട് വ്യത്യസ്ത കമ്മിറ്റികളുടെ നിർദ്ദേശങ്ങളിൽ വൈദ്യുത കമ്പനികളുടെ സ്ഥിരച്ചെലവുകൾ (Fixed Costs) പൂർണ്ണമായും ഫിക്സഡ്/ഡിമാന്റ് ചാർജ്ജുകളായിത്തന്നെ താരിഫുകളിൽ ഉൾക്കൊള്ളിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ, ഇത് 25 ശതമാനം മാത്രമാണ് ഈ ഇനത്തിൽ താരിഫിൽ ആവശ്യപ്പെട്ടിട്ടുള്ളത്. (നിലവിൽ ഇത് 14 ശതമാനം മാത്രമാണ്). ഇതുമൂലം വ്യാവസായിക ഉപഭോക്താക്കൾക്കുണ്ടാകാനിടയുള്ള അധികഭാരം ലഘൂകരിക്കാനായി എനർജി ചാർജ്ജ് (ഉപയോഗിക്കുന്ന വൈദ്യുതിക്കുള്ള നിരക്ക്) യൂണിറ്റിന് നിലവിലുള്ള 5.50 രൂപയിൽ നിന്നും 4.90 രൂപയായി കുറയ്ക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) എങ്കിൽ പ്രസ്തുത നിരക്ക് വർദ്ധനവിലൂടെ മൊത്തം എത്ര കോടി രൂപയുടെ അധികവരുമാനമാണ് കെ.എസ്.ഇ.ബി പ്രതീക്ഷിക്കുന്നത്; | (ഡി) 2018-19, 2020-21 സാമ്പത്തിക വർഷങ്ങളിൽ താരിഫ് പുതുക്കുന്നത് വഴി യഥാക്രമം, 1101.72 കോടി, 700.44 കോടി വീതം രൂപയുടെ അധിക വരവിനാണ് വൈദ്യുതി ബോർഡ് അപേക്ഷിച്ചിട്ടുള്ളത്. എന്നാൽ, ബോർഡിന്റെ വരവ്-ചെലവ് കണക്കുകൾ സൂക്ഷ്മ പരിശോധന നടത്തി, വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന പൊതു തെളിവെടുപ്പിൽ ജനങ്ങളിൽ നിന്ന് ലഭിക്കുന്ന അഭിപ്രായങ്ങൾ കൂടി പരിഗണിച്ചാണ് റഗുലേറ്ററി കമ്മീഷൻ അന്തിമമായി താരിഫ് പുനർ നിർണ്ണയം നടത്താറുള്ളത്. |
| (ഇ) പ്രളയകാലത്ത് അണക്കെട്ടുകൾ നിറഞ്ഞതിനുശേഷവും ഇത്തരത്തിൽ നിരക്ക് വർദ്ധി- | (ഇ) കേരളത്തിൽ പ്രതിവർഷം ആവശ്യമായ വൈദ്യുതിയുടെ ഉദ്ദേശം 31.5 ശതമാനം മാത്രമാണ് വൈദ്യുതി ബോർഡിന്റെ നിലയങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കുവാൻ കഴിയുന്നത്. പുറമേ നിന്ന് |

| | |
|---|---|
| പ്പിക്കേണ്ട സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ? | വൈദ്യുതി വാങ്ങിയാണ് ബാക്കി ആവശ്യങ്ങൾ നിറവേറ്റുന്നത്. ഇപ്രകാരം വൈദ്യുതി വാങ്ങുന്നതിന്, പ്രതിവർഷ മൊത്ത ചെലവിന്റെ ഉദ്ദേശം 68.5 ശതമാനം തുക ഉപയോഗിക്കേണ്ടി വരുന്നു. അധിക മഴയുടെ ലഭ്യത, വൈദ്യുതി വാങ്ങൽ ചെലവ് പൂർണ്ണമായും ഇല്ലാതാക്കാൻ മതിയാകുന്നതല്ല.<br><br>റഗുലേറ്ററി കമ്മീഷൻ, വൈദ്യുതി നിരക്ക് പുതുക്കുന്നത്, വൈദ്യുതിയുടെ ഉല്പാദന-വാങ്ങൽ ചെലവുകൾക്കു പുറമേ, പ്രവർത്തന – പരിപാലന ചെലവുകൾ, സാമ്പത്തിക – പലിശ ചെലവുകൾ, തേയ്മാന ചെലവുകൾ, മൂലധന ഓഹരിയുടെ മടക്കവിഹിതം (Return) തുടങ്ങിയവ അടങ്ങിയ മൊത്തം ചെലവുകളും നിലവിലുള്ള മൊത്തവരുമാനവും തമ്മിലുള്ള അന്തരം പരിഗണിച്ചു കൊണ്ടാണ്. അപ്രകാരം കണക്കാക്കുമ്പോൾ, ഈ സാമ്പത്തിക വർഷം തൊട്ട് നാലു വർഷത്തേയ്ക്ക് യഥാക്രമം 1100.70 കോടി, 1399.05 കോടി 2065.28 കോടി 2518.92 കോടി വീതം രൂപയാണ് വരുമാന വിടവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നത്. കൂടാതെ മുൻ വർഷങ്ങളിൽ താരിഫ് ഷോക്ക് ഒഴിവാക്കി വർദ്ധനവ് മിതമാക്കുന്നതിന് ആയി വച്ചിരുന്ന തുക ഉദ്ദേശം 5645 കോടി രൂപ ആയിരിക്കുന്നു. ഈ സാമ്പത്തിക വിടവുകൾ ഭാഗികമായെങ്കിലും നികത്തേണ്ടത് വൈദ്യുതി ബോർഡിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. അതിനാലാണ് താരിഫ് പുതുക്കാൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ